LIBRARY ARCHIVES Kerala Legislative Assembly

ഓഫീസ് അറ്റൻഡന്റ്

33(5615) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ നടത്തുമ്പോൾ ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ള പരീക്ഷാർത്ഥികളോടൊപ്പം എഴുതുന്ന പ്ലസ് ടു-ന് താഴെ മാത്രം യോഗ്യതയുള്ള പരീക്ഷാർത്ഥികൾക്ക് ജോലി ലഭിക്കാതെ പ്രായപരിധി കഴിഞ്ഞ് അവസരം നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം ഉദ്യോഗാർത്ഥികൾക്കായി ഒരു അവസരം കൂടി നൽകുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ നടത്തുമ്പോൾ ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ള പരീക്ഷാർത്ഥികളോടൊപ്പം എഴുതുന്ന യോഗ്യത കുറഞ്ഞ ഉദ്യോഗാർത്ഥികൾക്ക് മത്സരിക്കുന്നതിന് പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെട്ട തസ്തികകളുടെ യോഗ്യത ഭേദഗതി വരുത്തുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ബി) ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയാണ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനത്തിനായി കണക്കാക്കുന്നത്. പ്രായപരിധി കഴിഞ്ഞ ഏതാനും പേർക്ക് മാത്രമായി ഇതിൽ ഇളവ് അനുവദിക്കാൻ വ്യവസ്ഥയില്ല.

ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ വിദ്യാഭ്യാസ യോഗ്യത

34(5616) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വഴി ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ അപേക്ഷിച്ചവർക്ക് ഉന്നതവിദ്യാഭ്യാസ യോഗ്യത അധിക യോഗ്യതയായി കണക്കാക്കാറുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളോട് മത്സരിച്ച് ജയിക്കുന്നതിന് പ്ലസ് ടു വിന് താഴെ മാത്രം യോഗ്യതയുള്ള പരീക്ഷാർത്ഥികൾക്ക് പ്രയാസം ആണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?